വചനവിചിന്തനം - 2010 മെയ് 16, ഞായർ

Mk. 16: 9 - 20

നൊമ്പരങ്ങളുടെ വടുക്കൾ മായാത്ത സാധാരണ മനുഷ്യ ജീവിതത്തിന്റെ പരിഛേദമാണ് സുവിശേഷത്തിന്റെ മുഖക്കുറിപ്പിൽ; ഏഴു പിശാചുക്കളുടെ ബന്ധനത്തിലായിരുന്ന മറിയവും ദു:ഖത്തിലാണ്ടിരുന്ന ശിഷ്യന്മാരുമൊക്കെയാണ് അവതരണഭാഗത്ത്. ഉയിർപ്പനുഭവത്തിന്റെ യാഥാർത്ഥ്യത്തിലേയ്ക്ക് കടന്നുവരാത്തവർ. അവരുടെ ജീവിതസാഹചര്യങ്ങളോട് ഇണങ്ങും വിധമൊക്കെ, പലവിധത്തിൽ ക്രിസ്തു പ്രത്യക്ഷപ്പെടുകയാണ്. ഗ്രാമത്തിലേയ്ക്കു നടന്നു പോകുന്നവരുടെ കൂടെ സഹയാത്രികനായി; പതിനൊന്നു പേരുടെ പങ്കുവയ്ക്കലിന്റെ ഭക്ഷണമേശയിൽ പന്ത്രണ്ടാമനായി.... കാരണം ക്രിസ്തുവിന് ഒരേ ഒരു ലക്ഷ്യമേയുള്ളു തന്റെ ശിഷ്യന്മാർക്ക് ഉയിർപ്പ് എന്ന യാഥാർത്ഥ്യത്തെ ഉൾക്കൊള്ളാനാകണം. എങ്കിലേ ജീവിതത്തിന്റെ സഹനങ്ങളുടേയും ദു:ഖങ്ങളുടേയും മരുഭൂവിൽ അവർ തളർന്നു വീഴാതിരിക്കൂ എന്ന് അവനറിയാം. അതുകൊണ്ടാണ് തന്നെ കണ്ടവരുടെ വിശ്വാസരാഹിത്യത്തെ ക്രിസ്തു കുറ്റപ്പെടുത്തുക.

ഉയിർപ്പനുഭവത്തിന്റെ സാക്ഷികളായി തന്റെ ശിഷ്യന്മാരെ പറഞ്ഞു വിടുമ്പോഴും ക്രിസ്തു അവർക്കു നല്കുന്ന ജീവിതദർശനം ഒന്നു മാത്രമാണ് - പ്രഘോഷണത്തിന്റെ ഫലമായി വിശ്വാസമുണ്ടാകണം, വിശ്വാസത്തിന്റെ അടയാളമായി ചില അഭിഷേകങ്ങളെപ്പറ്റി ക്രിസ്തു പറയുന്നു: Mk. 16: 9-17 -

— അവർ എന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കും;

പൈശാചിക ബന്ധനങ്ങളുടെ അടിമത്വത്തിൽ നിന്ന് ഇനിയും നിന്റെ ജീവിതസാഹചര്യങ്ങൾ മോചനം നേടാത്തത് എന്താ, വിശ്വാസത്തിന്റെ ആത്മീയ അഗ്നി ഉള്ളിൽ ജ്വലിക്കാത്തതുകൊണ്ടു തന്നെ. സന്ധ്യാനാമങ്ങൾ അന്യം വരാത്ത നിറവിശുദ്ധിയിൽ ഒരു കുടുംബത്തിന് ഒരുമിച്ചിരിക്കാനായാൽ അവിടെ ബന്ധനങ്ങൾ ഉണ്ടാവില്ല എന്നാണ് ഈ വചനത്തിന്റെ നേർവായന. വചനം വായിക്കുകയും അത് അടയാള വിളക്കായി ഉള്ളടരുകളിൽ സൂക്ഷിക്കുകയും ചെയ്യുന്നവർക്ക് ബന്ധനങ്ങളുടെ കെട്ടുപാടുകളില്ല എന്ന്.

— അവർ പുതിയഭാഷകൾ സംസാരിക്കും....

സ്നേഹത്തിന്റെ ഭാഷ പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നതാണ്. ചിതറപ്പെട്ട ബാബേൽ ഗോപുരത്തിന്റെ പണിയാളുകൾക്ക് വഴങ്ങാത്ത ഭാഷ സ്നേഹത്തിന്റെ ആത്മാവിനാൽ ശിക്ഷണം ചെയ്യപ്പെടാതെ പോയതിന്റെ പിൻകുറിപ്പാണ്. വിശ്വാസത്തിൽ നിന്നാണ് ആത്മാവിന്റെ ദാനങ്ങൾ മുളപൊട്ടുന്നത്. ഒരു കുടുംബം എല്ലാ പ്രതിസന്ധികളേയും അതിജീവിക്കുന്നത് അവരുടെ ഹൃദയബന്ധങ്ങളുടെ ആശയവിനിമയത്തിന് സ്നേഹത്തിന്റെ ഭാഷ വശമുള്ളതുകൊണ്ടല്ലേ..

— വിശ്വസിക്കുന്നവർ സർപ്പങ്ങളെ കൈയിലെടുക്കുമെന്നോ....മാരകമായതൊന്നും അവയെ ഉപദ്രവിക്കില്ല എന്നോ വചനം കുറിക്കുമ്പോൾ ഒരുപിടി ജീവിതാനുഭവങ്ങളുണ്ട് സാക്ഷ്യത്തിനായി;

ദാരുണമായ അപകടത്തിന്റെ ഒടുവിൽ ഒരുകാൽ മുറിച്ചുമാറ്റിയപ്പോൾ അതോടൊപ്പം മുറിച്ചുമാറ്റപ്പെട്ടത് ജീവിതത്തിലെ ഹരിതസ്വപ്നങ്ങളാണ് എന്നറിഞ്ഞിട്ടും വീൽചെയറിലിരുന്ന് ദൈവസ്തുതി ആലപിക്കുന്ന ചെറുപ്പക്കാരൻ - വിശ്വാസം അവന്റെ ജീവിതത്തിന്റെ സംരക്ഷിത കവചമാണ്.

ഇനി മൂന്നുനാൾ മാത്രമേ ആയുസ്സുള്ളു എന്നറിയുന്ന ക്യാൻസർ ബാധിച്ച 22-കാരിക്കും മനസ്സുപതറാതെ കരങ്ങളുയർത്തി ഹല്ലേലൂയ പറയാൻ പറ്റുന്നത് മാരകമായതൊന്നും ഒരു വിശ്വാസിയെ ഉപദ്രവിക്കില്ല എന്ന വചനത്തിന്റെ ജീവിത - വായനതന്നെ.

വിശ്വാസമുള്ളവരെല്ലാം ക്രിസ്തുവിനൊപ്പം ഉയർപ്പിക്കപ്പെടുകയാണ്. എല്ലാ തകർച്ചകളിൽനിന്നും , അടിച്ചമർത്തപ്പെട്ട എല്ലാ ജീവിതാനുഭവങ്ങളിൽനിന്നും, ജീവിതത്തെ പിച്ചിച്ചീന്തിയ എല്ലാ ദുരന്തങ്ങളിൽനിന്നും അവൻ ഉയർപ്പിക്കപ്പെടും. അതുകൊണ്ടാണ് ചുട്ടുപൊള്ളുന്ന നിങ്ങളുടെ പുറപ്പാടനുഭവങ്ങളിൽ വിശ്വാസം നിങ്ങൾക്ക് കരുത്താകണം എന്ന ബോദ്ധ്യത്തോടെ, ഉയിർപ്പിക്കപ്പെട്ട ക്രിസ്തു ഓരോരുത്തരുടെയും ജീവിതസാഹചര്യങ്ങളോട് സംവദിക്കാനാകുന്ന വിധം വീണ്ടും വീണ്ടും പ്രത്യക്ഷപ്പെട്ട് അവരെ ഉയിർപ്പനുഭവത്തിലേയ്ക്ക് അവൻ നയിക്കുന്നത്.

ഫാ. അലക്സ് വേലച്ചേരിൽ.